DESPATCHED
On..15/9/21....

8/9/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ **AP 678(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.6555/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 സെപ്റ്റംബർ 8**

ശ്രീ. അമർചന്ദ് വി.,
അമൃത,
അരുകീഴായ റിംഗ് റോഡ്,
മഞ്ചേരി പി.ഒ.,
മലപ്പുറം – 676 121.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസ്, പോത്തുകല്ല്, മലപ്പുറം.
2. അപ്പീൽ അധികാരി & തഹസിൽദാർ, താലൂക്ക് ഓഫീസ്, നിലമ്പൂർ, മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 8.1.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 4.2.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 23.3.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 1.6.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 25.6.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 7.7.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 4.8.2021 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 7.9.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. അമർചന്ദ് വി. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമ പ്രകാരം ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് വ്യക്തമായ മറുപടി നൽകിയില്ലെന്നും തുടർന്ന് നൽകിയ അപ്പീൽ ഹർജിയ്ക്കും പൂർണ്ണമായ മറുപടി നൽകിയില്ലെന്നും ഹർജിക്കാരൻ

ആവശ്യപ്പെട്ട 16.4.2019–ലെ S1347819 നമ്പർ നികുതി റിസിപ്റ്റ് സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കി നൽകണമെന്നും ഒന്നാം അപ്പീൽ അധികാരിയുടെ നിർദ്ദേശം അനുസരിക്കാത്തതിന് ഒന്നാം എതിർകക്ഷിയ്ക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 8.1.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് മുണ്ടയാടൻ പുത്തൻ വീട്ടിൽ ശ്രീ. നാരായണൻ നമ്പ്യാർ പേരിൽ 1.1175 ഹെക്ടർ സ്ഥലത്തിന് 16.4.2019 ന് നൽകിയിട്ടുള്ള S1347819 നമ്പർ നികുതി രസീതിയിൽ രേഖപ്പെടുത്തിയിട്ടുള്ള ഭൂമി സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങളാണ് :

i. മേൽപ്പടി നികുതി രസീതിയിൽ പറയുന്ന സ്ഥലം വില്ലേജിന്റെ ഏത് ഭാഗത്ത് ഉൾപ്പെട്ടതാണെന്നും, പ്ലോട്ടിന്റെ പേരും, ഓണർഷിപ്പുമായി ബന്ധപ്പെട്ട ഡോക്കുമെന്റിന്റെ എസ്.ആർ.ഒ/എൽ.ടി നമ്പറും നൽകണമെന്നും

ii. മേൽപ്പടി ഭൂമിക്ക് മുൻ സാമ്പത്തിക വർഷം നികുതി അടവാക്കിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഉടമസ്ഥന്റെ പേരും, രസീതി നമ്പറും തീയതിയും നൽകണമെന്നുമാണ്..

3. മേൽപ്പടി അപേക്ഷയ്ക്ക് 4.2.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലെന്നതിനാൽ വ്യക്തവും പൂർണ്ണമായ മറുപടി നൽകുന്നതിന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം കൊടുക്കണമെന്ന് കാണിച്ച് ഒന്നാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജി തീർപ്പാക്കി 23.3.2021 ന് പുറപ്പെടുവിച്ച ഉത്തരവിൽ ഹർജിക്കാരന്റെ അസ്സൽ അപേക്ഷ പരിശോധിച്ച് വ്യക്തവും സ്പഷ്ടവുമായ മറുപടിയും പകർപ്പുകളുണ്ടെങ്കിൽ അവയും സൗജന്യമായി അപ്പീൽ വാദിക്ക് നൽകണമെന്നും വിവരാവകാശ നിയമ പ്രകാരം മറുപടി നൽകുമ്പോൾ അർത്ഥശങ്കക്കിടയില്ലാത്തവിധം സുതാര്യമായ മറുപടി നൽകണമെന്നും എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകിയതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 4.2.2021 ന് എസ്.പി.ഐ.ഒ ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടിയിൽ ആക്ഷേപം ഉന്നയിച്ചാണ് 23.3.2021 ന് ഒന്നാം അപ്പീൽ സമർപ്പിച്ചതെന്നും തുടർന്ന് ഹിയറിംഗ് നടത്തി വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയും എസ്.പി.ഐ.ഒ നൽകിയ മറുപടിയും എസ്.പി.ഐ.ഒ യുടെ മൊഴിയും മറ്റും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് അർത്ഥശങ്കയ്ക്കിടയില്ലാത്ത മറുപടി നൽകിയിട്ടില്ലെന്ന് ബോധ്യപ്പെട്ടതിനാൽ വ്യക്തമായും സൗജന്യമായും അപേക്ഷ കക്ഷി ക്ക് മറുപടി നൽകുന്നതിന് നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നും ടി അപ്പീൽ തീർപ്പിന്റെ അടിസ്ഥാനത്തിൽ ഒന്നാം എതിർകക്ഷി 15.4.2021 ന് ഹർജിക്കാരന് വീണ്ടും മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ പരിശോധിച്ചതിൽ, അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീൽ അപേക്ഷയ്ക്കും എതിർകക്ഷികൾ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഒന്നാം അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ

ഒന്നാം എതിർകക്ഷി 15.4.2021 ന് നൽകിയ മറുപടിയിൽ അറിയിച്ചത് ഹർജിക്കാരൻ ആവശ്യപ്പെട്ട അൺസർവ്വെയിൽ ഉൾപ്പെട്ട ഭൂമി ഏത് ഭാഗത്താണെന്ന് കണ്ടെത്തുന്നതിന് സ്ഥലപരിശോധനയും കൈവശരേഖകളുടെ പരിശോധനയും ആവശ്യമാണെന്നും പ്രസ്തുത ഭൂമിക്ക് 2018-19 വർഷത്തിൽ നികുതി സ്വീകരിച്ചിട്ടില്ലെന്നും ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഹർജിക്കാരന് വില്ലേജ് ഓഫീസിൽ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണെന്നുമാണ്. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ നൽകുകയും നൽകാൻ കഴിയാത്ത വിവരങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ കാര്യകാരണ സഹിതം രേഖാമൂലം അറിയിക്കുകയും ചെയ്യുക എന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതലയെന്നതിനാലും ഇക്കാര്യത്തിൽ എന്തുകൊണ്ടാണ് അപ്പീൽ ഹർജിക്കാരന് പൂർണ്ണ വിവരങ്ങൾ നൽകാൻ കഴിയാത്തതെന്ന കാരണം വ്യക്തമാക്കിയും കൂടുതൽ വിവരങ്ങൾ വില്ലേജ് ഓഫീസിൽ നേരിട്ട് ഹാജരായി പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണെന്നും ഒന്നാം എതിർകക്ഷി സമയബന്ധിതമായി നൽകിയ മറുപടിയിൽ അപാകതയൊന്നും കാണുന്നില്ല. എന്നാൽ ഒന്നാം എതിർകക്ഷി 15.4.2021-ൽ നൽകിയ മറുപടിയിൽ പറയുന്ന പ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ വില്ലേജ് ഓഫീസിലെ ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിച്ച് കണ്ടെത്തി ആവശ്യമായ രേഖകളുടെ പകർപ്പുകൾ സൗജന്യമായി എടുക്കുന്നതിന് എല്ലാ സൗകര്യങ്ങളും ഹർജിക്കാരന് എതിർകക്ഷികൾ നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 സെപ്റ്റംബർ 8-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk